(ഡി) ഇതേ കാലയളവിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ വിജിലൻസിന് ലഭിച്ചിട്ടുണ്ട്. അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 1997 ജൂൺ 11-ലെ സർക്കാർ ഉത്തരവ് (പി) 34/97/വിജി. പ്രകാരമാണ് വകുപ്പുതല വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് വകുപ്പുതല വിജിലൻസ് സെല്ലുകൾ പ്രവർത്തിക്കുന്നത്. ഉത്തരവിന്റെ ഒരു പകർപ്പ് അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) വിജിലൻസ് അന്വേഷണത്തെതുടർന്ന് വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യപ്പെടുന്ന കേസുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഉചിതമായ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതേ കാലയളവിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച് 9 റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അതിന്മേൽ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിടിച്ചെടുക്കപ്പെട്ട വാഹനങ്ങളുടെ കൈമാറ്റം

38 [3733] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിലും എക്സൈസ്, ഫോറസ്റ്റ് വകുപ്പുകളിലെ ഓഫീസുകളിലും വിവിധ കാരണങ്ങളാൽ പിടിച്ചെടുക്കുന്ന വാഹനങ്ങളും, അപകടത്തിൽപ്പെട്ടതും മോഷ്ടിക്കപ്പെട്ട് കസ്റ്റഡിയിലെടുത്തതുമായ വാഹനങ്ങളും, ദീർഘകാലമായി കിടന്ന് നാശം സംഭവിക്കുന്നു എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിന് ഹൈക്കോടതിയിൽ നിന്നോ, സുപ്രീം കോടതിയിൽ നിന്നോ എന്തെങ്കിലും നിർദ്ദേശമോ വിധിയോ ഉണ്ടായിട്ടുണ്ടോ;

(സി) സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലപരിമിതി കണക്കിലെടുത്തും, വാഹനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഗണിച്ചും പ്രസ്തുത വാഹനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന ഒരു തുക ബോണ്ടായി നൽകി കേസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി ഉടമകൾക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം III.

GPM. 2/256/2012—12

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതു സംബന്ധിച്ച് പരാമർശം സുപ്രീംകോടതി വിധിയിൽ ഉണ്ടായിട്ടുണ്ട്.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

പോലീസ് സ്റ്റേഷനുകളിൽ എട്ടുമണിക്കൂർ ജോലി

39 [3734] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; എത്ര പോലീസ് സ്റ്റേഷനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അവ ഏതൊക്കെ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവനുസരിച്ച് ഏതൊക്കെ സ്റ്റേഷനുകളിൽ ഇതു നടപ്പാക്കിയിട്ടുണ്ട്; ബാക്കിയുള്ളവയിൽ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയും ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.†

(ബി) മേൽ സൂചിപ്പിച്ച 57 പോലീസ് സ്റ്റേഷനുകളിൽ ഈ സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കിയുള്ളവയിൽ നടപ്പിലാക്കുവാൻ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഹെഡ് കോൺസ്റ്റബിൾ പ്രമോഷൻ

40 [3735] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ 2004 വരെ പ്രമോഷന് അർഹരായ എത്ര ഹെഡ് കോൺസ്റ്റബിൾമാരുണ്ട്;

(ബി) പ്രമോഷൻ നൽകേണ്ടവരിൽ എത്രവർഷം വരെ സർവീസുള്ളവരുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly